KERALA KANMUDI 05 MAR 08



# ക്രാന്തദർശിയായ യോഗി

യോഗിയും അദ്ധ്യാത്മദാർശനികനും ഭാവനാപരമായ ഉൾക്കാഴ്ചയുള്ളവനുമായ സദ്ഗുരു ജഗ്ഗിവാസുദേവ് വ്യത്യസ്തനായ ഒരു ആത്മീയ ഗുരുവാണ്. അതി സൂക്ഷ്മം ചിന്തിപ്പിക്കുന്നതും ആഴത്തിലുള്ള ഉൾക്കാഴ്ച നിറഞ്ഞതും ഉടനീളം നർമ്മോക്തി കലർന്നതുമായ സദ്ഗുരുവിന്റെ പ്രസംഗങ്ങൾ അദ്ദേഹത്തിന് ഒരു വാഗ്മിയെന്ന നിലയിലും അഭിപ്രായ രചയിതാവെന്ന നിലയിലും അന്താരാഷ്ട്ര പ്രശസ്തി നേടിക്കൊടുത്തിട്ടുണ്ട്.

വ്യക്തികളുടെ പരിവർത്തനത്തിനുള്ള പദ്ധതികൾ നൽകി അതിലൂടെ സമാധാനവും സമൃദ്ധിയും നിറഞ്ഞ ഒരു ആഗോള സമൂഹം കെട്ടിപ്പടുക്കുക എന്ന അദ്ദേഹത്തിന്റെ ദർശനം സാധിക്കുന്നതിനായി സദ്ഗുരു കോയമ്പത്തൂരിൽ 1992ൽ ഈഷാ ഫൗണ്ടേഷൻ, ഒരു ലാഭേച്ഛയില്ലാത്ത ട്രസ്റ്റായി രൂപീകരിച്ചു. ഇന്ന് ഇത് ഇന്ത്യയിലും പുറത്തുമായി 150-ൽപ്പരം കേന്ദ്രങ്ങളുള്ള, ലോകം മുഴുവനുമായി നൂറായിരക്കണക്കിനാളുകളുടെ ജീവിതത്തെ സ്പർശിക്കുകയും പരിവർത്തനം ചെയ്യുകയും ചെയ്യുന്ന ഒരു അന്താരാഷ്ട്ര ജീവകാരുണ്യ പ്രസ്ഥാനമായി വളർന്നുകഴിഞ്ഞു.

മൈസൂറിൽ ജനിച്ച ജഗദീഷ് വാസുദേവ് 25-ാം വയസ്സിൽ ആത്മത്യാഗിയായി. പിന്നീട് അദ്ദേഹം ഈഷായോഗ എന്ന യോഗാ പ്രോഗ്രാം ചിട്ടപ്പെടുത്തിയെടുക്കുകയും കോയമ്പത്തൂരിലെ വെള്ളിയാംഗിരി കുന്നുകളുടെ താഴ്വരയിൽ 1992-ൽ തന്റെ ആസ്ഥാനം സ്ഥാപിക്കുകയും ചെയ്തു. ഇവിടത്തെ മുഖ്യ ആകർഷണം ഒരു സർവമതധ്യാന സങ്കേതമായ ധ്യാനലിംഗ ക്ഷേത്രമാണ്.

MANGALAM 05 MAR 08

# നട്ടെല്ലു നിവർത്തി ഉണർന്നിരിക്കുക; ചൈതന്യം ഏറ്റുവാങ്ങുക

■ സദ്ഗുരു ജഗ്ഗി വാസുദേവ്

ഭാരതീയ സംസ്കാരപ്രകാരം വർഷത്തിൽ എല്ലാ ദിവസവും ഏതെങ്കിലും തരത്തിൽ ആഘോഷിക്കാനുള്ള കാരമുണ്ടായിരുന്നു. ഈ 365 ഉത്സവങ്ങളും ഓരോ കാരണം ആധാരമാക്കിയും ജീവിതത്തിന്റെ വിവിധ ലക്ഷ്യങ്ങൾക്കു വേണ്ടിയുമായിരുന്നു. വിവിധ ചരിത്രസംഭവങ്ങൾ, നേടിയിട്ടുള്ള വിജയങ്ങൾ എന്നിവയോ വിളവെടുപ്പ്, വിളനടീൽ, കൊയ്ത്ത് തുടങ്ങിയ സന്ദർഭങ്ങളോ ആഘോഷിക്കാനായിരുന്നു ഇവ. മഹാശിവരാത്രി അതിൽനിന്നു തികച്ചും വ്യത്യസ്തമാണ്.

ഓരോ ചാന്ദ്രമാസത്തിന്റെയും 14-ാം ദിവസം, അല്ലെങ്കിൽ കറുത്ത വാവിനു തൊട്ടുമുമ്പുള്ള ദിവസമാണു 'ശിവരാത്രി'. വർഷത്തിലെ 12 ശിവരാത്രികളിൽ ഫെബ്രുവരി -മാർച്ചിൽ വരുണ ശിവരാത്രിക്കാണ് ആത്മീയ പ്രാമുഖ്യം. ഇതു പ്രയോജനപ്പെടുത്താനായിട്ടാണു രാത്രി നീളെ നീണ്ടു നിൽക്കുന്ന ആഘോഷം. രാത്രി മുഴുവൻ നീണ്ടുനിൽക്കുന്ന ഈ ഉത്സവത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്ന് പ്രകൃത്യായുള്ള ഈ ചൈതന്യാതിപ്രസരത്തിനു വഴിയൊരുക്കാൻ നട്ടെല്ലു നിവർത്തി ഉണർന്ന് ഇരിക്കുന്നത് ഉറപ്പുവരുത്തലാണ്.

ആത്മീയ മാർഗത്തിൽ ജീവിക്കുന്നവരെ സംബന്ധിച്ചു മഹാശിവരാത്രിക്ക് വളരെ പ്രസക്തിയുണ്ട്. കുടുംബ ജീവിതം നയിക്കുന്നവർ ശിവന്റെ വിവാഹ വാർഷികമായാണു ശിവരാത്രി ആചരിക്കുന്നത്. ലൗകികമായ ഉൽക്കർഷേച്ഛയുള്ളവർ ശിവൻ തന്റെ ശത്രുക്കളെ കീഴടക്കിയ ദിവസമായും. തപസ്വികൾക്കു ശിവൻ കൈലാസത്തിൽ ലയിച്ച ദിവസമാണത്.

യോഗയുടെ പാരമ്പര്യത്തിൽ ശിവൻ ദൈവമല്ല, ആദിഗുരുവാണ്. ദശലക്ഷം വർഷങ്ങൾ ധ്യാനത്തിലിരുന്ന ശേഷം ഒരു ദിവസം അദ്ദേഹം പൂർണ നിശ്ചലനായ ദിവസമാകുന്നു മഹാശിവരാത്രി. തപസ്വികൾ മഹാശിവരാത്രിയെ പ്രശാന്തതയുടെ ദിവസമായി കാണുന്നു.

ഐതിഹ്യങ്ങൾക്കപ്പുറം ഈ ദിവസത്തിനും രാത്രിക്കും യോഗ പാരമ്പര്യത്തിൽ വളരെയധികം പ്രാധാന്യമുണ്ട്.

ആത്മീയ പാതയിലുള്ളവർ അന്നു പ്രത്യേക സാധന ചെയ്യുന്നു. മാസത്തിലെ ആ ദിവസം ചൈതന്യത്തിന്റെ സ്വാഭാവികമായ ഒരു അതിപ്രസരം മനുഷ്യശരീരത്തിലുണ്ടാകുന്നു എന്നാണു വിശ്വാസം.



ഇന്ന് മഹാശിവരാത്രി

പുരാണങ്ങൾ പറയുന്നത് "നിവർന്നു നീണ്ട നട്ടെല്ലുള്ളവർ ഭാഗ്യമുള്ളവരാണ്" എന്നാണ്. ഭൂമിക്കു സമാന്തരമായ നട്ടെല്ലുള്ള നിശ്ചല ജീവിയായിരുന്നാൽ നിങ്ങൾക്കതു പ്രയോജനപ്പെടുത്താനാകില്ല. ലംബമായ നട്ടെല്ലുള്ള ജീവികൾ അനുഗ്രഹീതരാണ്. മഹാശിവരാത്രി ദിവസം അവർക്കു നിഷ്പ്രയാസം ചൈതന്യം മുകളിലേക്കുയുർത്തുവാൻ സാധിക്കുന്നു.

പൂർവകാലത്തെ സന്യാസിമാരും യോഗികളും ഇതു തിരിച്ചറിഞ്ഞ് ഈ ദിവസത്തെ സാധനയുടെ ദിവസമായി, ആത്മീയ പ്രക്രിയകളെ തീവ്രമാക്കുന്നതിനുള്ള ദിവസമായി ഉപയോഗിക്കുക എന്നതു പാരമ്പര്യത്തിന്റെ ഭാഗമാക്കി.

ശിവനെ എപ്പോഴും 'ത്രയമ്പക'- 'മൂന്നുകണ്ണുള്ളവൻ' എന്നു സൂചിപ്പിച്ചിരുന്നു. മൂന്നാമത്തെ കണ്ണ് ദർശനത്തിന്റെ കണ്ണാണ്, നിങ്ങളുടെ രണ്ടുകണ്ണുകളും ഇന്ദ്രിയങ്ങളാണ്.

അവ നിങ്ങളുടെ മനസിലേക്കു വേണ്ടാത്തകാര്യങ്ങളും കുത്തി നിറയ്ക്കുന്നു. കാരണം നിങ്ങൾ കാണുന്നതെല്ലാം സത്യമല്ല. ഈ രണ്ടു കണ്ണുകളും കാണുന്നതു സത്യമല്ലാത്തതിനാൽ മറ്റൊരു കണ്ണ് - ആഴത്തിലേക്കു തുളച്ചുകയറാനായി തുറക്കേണ്ടിയിരിക്കുന്നു. ഈ രാജ്യത്ത്, ഈ പാരമ്പര്യത്തിൽ 'അറിയുക' എന്നു വച്ചാൽ പുസ്തകങ്ങൾ വായിക്കുകയല്ല, 'അറിയുക' എന്നു വച്ചാൽ ആരെങ്കിലും ശ്രവിക്കുക എന്നല്ല, 'അറിയുക' എന്നു വച്ചാൽ എവിടുന്നും വിവരങ്ങൾ ശേഖരിക്കുകയല്ല. 'അറിയുക' എന്നു വച്ചാൽ 'ജീവിതത്തിന് ഒരു പുതിയ കാഴ്ചപ്പാടു തുറക്കുക' എന്നതാണ് എപ്പോഴും ഉദ്ദേശിച്ചിരുന്നത്. അതിനാൽ ശരിയായ അറിവിനു നിങ്ങളുടെ മൂന്നാം കണ്ണുതുറക്കണം.

എത്രമാത്രം ചിന്തിച്ചാലും തത്വശാസ്ത്ര പ്രകാരം അന്വേഷിച്ചാലും നിങ്ങളുടെ മനസിനു സ്പഷ്ടത കൈവരുകയില്ല. നിങ്ങളുണ്ടാക്കുന്ന യുക്തിയുക്തമായ സ്പഷ്ടത ആർക്കുവേണമെങ്കിലും വികൃതമാക്കാം.

ദർശനം എപ്പോൾ തുറന്നു വരുന്നോ അപ്പോൾ മാത്രമേ യഥാർഥ സ്പഷ്ടതയുണ്ടാകൂ. ആർക്കും, ഒരു സാഹചര്യത്തിനും നിങ്ങളിലുള്ള ഈ സ്പഷ്ടതയെ വികൃതമാക്കാൻ സാധിക്കുകയില്ല. മഹാശിവരാത്രിദിവസത്തെ രാത്രിയിൽ പ്രകൃതി ഈ സാധ്യതയെ നമ്മുടെയടുത്തെത്തിക്കുന്നു.

ആ ദിവസത്തേക്കുള്ള നിർദേശങ്ങളിലൊന്ന്, ഭൂമിക്കു സമാന്തരമായി കിടക്കാതെ ലംബമായി കഴിയുക എന്നതാണ്. കുത്തനെയിരുന്നാൽ മാത്രം, പോര, നമ്മൾ നമ്മളല്ലാത്ത ഒരവസ്ഥയിലായിരിക്കണം.

'ശിവ' എന്നാൽ 'അതല്ലാത്തത്' എന്നാണർഥം. ഈ രാത്രിയിൽ നിങ്ങൾ നിങ്ങളല്ലാതാകാൻ അദ്ദേഹത്തെ അനുവദിക്കുക. അപ്പോൾ ജീവിതത്തിന് ഒരു പുതിയ ഉൾക്കാഴ്ചയുണ്ടാകാനും ജീവിതത്തെ ഒരിക്കലും വികൃതമാക്കാൻ പറ്റാത്ത ഒരു വ്യക്തതയോടെ ദർശിക്കാനുമുള്ള സാധ്യത തുറന്നു കിട്ടും.